# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുടയത്തൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ-10/534/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 30/06/2021
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുടയത്തൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുടയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുടയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ-10/534/21 തീയ്യതി: 30/06/2021

## ഇടുക്കി ജില്ലയിലെ കുടയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കുടയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-06-2019 മുതൽ 17-06-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സ്നിഗ്ദ്ധ എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 18-06-2021 | 25-06-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-06-2021 | 25-06-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. സൂസനിയാമ്മ തോമസ്, ഓഡിറ്റ് ഓഫീസർ
ശ്രീ. ധനജയൻ റ്റി.എസ്. ഓഡിറ്റ് ഓഫീസർ
ശ്രീമതി. മരുൺ മാത്യു, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. ജിബി ഇ.വി., അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി. അനീറ്റ പി. സാമുവൽ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി. മായാ കൃഷ്ണൻ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.പുഷ്പ വിജയൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. സജി തോമസ് | സെക്രട്ടറി | 01-04-2019 | 15-07-2019 |
| ശ്രീമതി. ജയ.കെ.ബി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 16-07-2019 | 22-07-2019 |
| ശ്രീമതി. ശ്രീകല. എസ്. | സെക്രട്ടറി | 23-07-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അനീഷ് സത്യൻ | അസിസ്റ്റന്റ് എൻജിനീയർ | 01-04-2019 | 31-07-2019 |
| ശ്രീ.ശ്രീകുമാർ ജി | അസിസ്റ്റന്റ് എൻജിനീയർ | 01-08-2019 | 31-03-2020 |
| ശ്രീമതി ആഷ്ലി മറിയാമ്മ ജോർജ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.രജിത്ത് കെ.ആർ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2019 | 19-06-2019 |
| ഡോ.ആൽബർട്ട്.ജെ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 20-06-2019 | 31-03-2020 |
| ഡോ. ജിൽസൻ വി.ജോർജ് | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2019 | 31-03-2020 |
| ഡോ ദീപ കെ.കെ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി.അംബിക ജി | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി.അലീന ജോർജ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ.സുധീഷ് എം.പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. കലാദേവി .കെ. | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Marun Mathew (Asst. Audit Officer, On 21-06-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 30-06-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Susaniamma Thomas (Audit Officer, On 23-06-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 30-06-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Susaniamma Thomas (Audit Officer, On 23-06-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 30-06-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: E.V.Gibi (Asst. Audit Officer, On 25-06-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 30-06-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: E.V.Gibi (Asst. Audit Officer, On 24-06-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 30-06-2021) | 1-5 |
| 6 | ആസൂത്രണ സമിതി<br>Written By: E.V.Gibi (Asst. Audit Officer, On 24-06-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 30-06-2021) | 1-5-1 |
| 7 | വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം.<br>Written By: E.V.Gibi (Asst. Audit Officer, On 24-06-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 30-06-2021) | 1-5-2 |
| 8 | ഗ്രാമസഭ<br>Written By: E.V.Gibi (Asst. Audit Officer, On 25-06-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 30-06-2021) | 1-5-3 |
| 9 | പദ്ധതികളുടെ അംഗീകാരം<br>Written By: E.V.Gibi (Asst. Audit Officer, On 25-06-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 30-06-2021) | 1-5-4 |
| 10 | തൊഴിലുറപ്പ് പദ്ധതി<br>Written By: Maya Krishnan (Auditor, On 23-06-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 30-06-2021) | 1-6 |
| 11 | ക്ഷേമപദ്ധതികൾ<br>Written By: Susaniamma Thomas (Audit Officer, On 21-06-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 30-06-2021) | 1-7 |
| 12 | ക്യാഷ് പരിശോധന<br>Written By: Susaniamma Thomas (Audit Officer, On 23-06-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 30-06-2021) | 1-8 |
| 13 | ആഭ്യന്തര നിയന്ത്രണം<br>Written By: Susaniamma Thomas (Audit Officer, On 25-06-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 30-06-2021) | 1-9 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Susaniamma Thomas (Audit Officer, On 23-06-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 30-06-2021) | 1-10 |
| 15 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: E.V.Gibi (Asst. Audit Officer, On 25-06-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 30-06-2021) | 1-11 |
| 16 | ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന മുൻകൂർ തുകകൾക്ക് വ്യക്തതയില്ല<br>Written By: E.V.Gibi (Asst. Audit Officer, On 25-06-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 30-06-2021) | 1-11-2 |
| 17 | വസ്തുനികുതി സഞ്ചയ സേഫ്റ്റ് വെയർ പ്രകാരമുള്ള തുകകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല | 1-11-3 |

| | | |
|---|---|---|
| | Written By: E.V.Gibi (Asst. Audit Officer, On 25-06-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 30-06-2021) | |
| 18 | ഫാക്ടിയോസ് ഫീസ്- സ്ഥാപനങ്ങളുടെ എണ്ണം, ഫീസ് പിരിവ് - കുറയുന്നു<br>Written By: Maya Krishnan (Auditor, On 24-06-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 30-06-2021) | 1-12 |
| 19 | വസ്തു നികുതി കണക്കിലെ അപാകതകൾ<br>Written By: Maya Krishnan (Auditor, On 24-06-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 30-06-2021) | 1-13 |
| 20 | ഫാക്ടിയോസ് ഫീസ് കുറവായി ഈടാക്കി<br>Written By: Maya Krishnan (Auditor, On 23-06-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 30-06-2021) | 1-14 |
| 21 | ലേലം നടത്തിപ്പിലെ അപാകതകൾ<br>Written By: Maya Krishnan (Auditor, On 23-06-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 30-06-2021) | 1-15 |
| 22 | മുൻ വർഷത്തേതിൽ നിന്നും വാടക വരവിനത്തിൽ കുറവ്<br>Written By: Maya Krishnan (Auditor, On 24-06-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 30-06-2021) | 1-16 |
| 23 | ഓപ്പൺ ടെണ്ടറിൽ മത്സര സ്വഭാവത്തിന്റെ അഭാവം<br>Written By: T.S.Dhanajayan (Audit Officer, On 25-06-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 30-06-2021) | 1-17 |
| 24 | ലാപ്ടോപ്പ് വിതരണം- രേഖകൾ ഹാജരാക്കാത്തത്<br>Written By: Anitta P Samuel (Asst. Audit Officer, On 24-06-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 30-06-2021) | 1-18 |
| 25 | ട്രൈബൽ മെഡിക്കൽ ക്യാമ്പ് - അപാകതകൾ<br>Written By: Marun Mathew (Asst. Audit Officer, On 24-06-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 30-06-2021) | 1-19 |
| 26 | പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തുന്നില്ല.<br>Written By: Anitta P Samuel (Asst. Audit Officer, On 24-06-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 30-06-2021) | 1-20 |
| 27 | നിർമ്മാണം പൂർത്തീകരിക്കാത്ത കെട്ടിടത്തിലേക്ക് ഫർണിച്ചർ വാങ്ങിയിരിക്കുന്നു.<br>Written By: E.V.Gibi (Asst. Audit Officer, On 25-06-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 30-06-2021) | 1-21 |
| 28 | മോണിട്ടറിംഗ് സമിതി നിർജീവം<br>Written By: Susaniamma Thomas (Audit Officer, On 25-06-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 30-06-2021) | 1-22 |
| 29 | ഇ-ടെണ്ടർ ഫീസ് ലഭിച്ചിട്ടില്ല<br>Written By: T.S.Dhanajayan (Audit Officer, On 26-06-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 30-06-2021) | 1-23 |
| 30 | മാലിന്യ നിർമ്മാജ്ജനം ഫലപ്രദമായ രീതിയിൽ പ്രവർത്തിക്കുന്നില്ല<br>Written By: Marun Mathew (Asst. Audit Officer, On 26-06-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 30-06-2021) | 1-24 |
| 31 | ദുരിതാശ്വാസ നിധി<br>Written By: Susaniamma Thomas (Audit Officer, On 27-06-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 30-06-2021) | 1-25 |
| 32 | എച്ച്.എം.സി. - വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല<br>Written By: Susaniamma Thomas (Audit Officer, On 27-06-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 30-06-2021) | 1-26 |
| 33 | പെൻഷൻ അംശദാനം ഒടുക്ക് സംബന്ധിച്ച്<br>Written By: Anitta P Samuel (Asst. Audit Officer, On 28-06-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 30-06-2021) | 1-27 |
| | **ഭാഗം 2** | |
| 1 | ഡി&ഒ ലൈസൻസ് ഫീസ് കുറവായി ഈടാക്കി<br>Written By: Maya Krishnan (Auditor, On 23-06-2021) | 2-1 |

| | | |
|---|---|---|
| | Last Updated By: T.S.Dhanajayan (Audit Officer, On 30-06-2021) | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Susaniamma Thomas (Audit Officer, On 25-06-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 30-06-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: T.S.Dhanajayan (Audit Officer, On 24-06-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 30-06-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Susaniamma Thomas (Audit Officer, On 23-06-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 30-06-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: T.S.Dhanajayan (Audit Officer, On 21-06-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 30-06-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Susaniamma Thomas (Audit Officer, On 24-06-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 30-06-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Susaniamma Thomas (Audit Officer, On 21-06-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 30-06-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Susaniamma Thomas (Audit Officer, On 23-06-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 30-06-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Susaniamma Thomas (Audit Officer, On 21-06-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 30-06-2021) | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Susaniamma Thomas (Audit Officer, On 21-06-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 30-06-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Susaniamma Thomas (Audit Officer, On 23-06-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 30-06-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Susaniamma Thomas (Audit Officer, On 21-06-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 25-06-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 04.02.2019 ലെ 1(19) നം തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 7.03.2020 ലെ 3(1) നം തീരുമാന പ്രകാരവും ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും 214(1) പ്രകാരം വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശം ഓരോ സ്റ്റാൻഡിംഗ് കമ്മിറ്റികളും സെക്രട്ടറിയും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും നല്കുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത നിർദ്ദേശങ്ങളെ പരിഗപരിഗണിച്ചുകൊണ്ടുമാണ് ബജറ്റ് തയ്യാറാക്കേണ്ടത്. എന്നാൽ കുടയത്തൂർ ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് ഫയലിൽ സെക്രട്ടറി ഉൾപ്പെടെയുള്ള വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബജറ്റ് നിർദ്ദേശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ പരിഗണിക്കുകയോ അവരുമായി ചർച്ച ചെയ്യുകയോ ചെയ്തിട്ടുള്ളതായി കാണിക്കുന്ന ഒരു രേഖയും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പ്രസ്തുത രേഖ ഹാജരാക്കുവാൻ ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറി നം 1 ന് മറുപടി നല്കിയിട്ടില്ല. സെക്രട്ടറിയും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരും ബജറ്റുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റും നിർദ്ദേശങ്ങളും തയ്യാറാക്കി നല്കിയിട്ടുള്ളതായി കാണുന്നില്ല.

നികുതി ഇനങ്ങളുടെ വരവ് സംബന്ധിച്ച ബജറ്റ് എസ്റ്റിമേറ്റ്

സ്ഥാപനത്തിന്റെ നികുതി, നികുതിയേതര ഇനങ്ങളുടെ വരവ് സംബന്ധിച്ച ബജറ്റ് എസ്റ്റിമേറ്റിന്റേയും യഥാർത്ഥത്തിലുള്ളതിന്റേയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| നം | 2019-20 പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് | യഥാർത്ഥ വരുമാനം (ഇൻകം സ്റ്റേറ്റുമെന്റ് പ്രകാരം | വ്യതിയാനം |
|---|---|---|---|
| നികുതി വരവ് | 2245714 | 2650000 | -404286 |
| വാടക | 183728 | 275000 | -91272 |
| ഫീ &യൂസർ ചാർജ് | 212450 | 100500 | 111950 |

റവന്യൂ ചെലവ് സംബന്ധിച്ച ബജറ്റ് എസ്റ്റിമേറ്റ്

| | 2019-20 പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് | യഥാർത്ഥ ചെലവ് (ഇൻകം സ്റ്റേറ്റുമെന്റ് പ്രകാരം | വ്യതിയാനം |
|---|---|---|---|
| ജീവനക്കാര്യത്തിലേക്കുള്ള ചെലവുകൾ | 9715371 | 1161000 | 8554371 |
| ഭരണ ചെലവുകൾ | 692232 | 680000 | 192232 |

| | | | |
|---|---|---|---|
| സംരക്ഷണവും നടത്തിപ്പും | 782342 | 267000 | -515342 |

ജീവനക്കാര്യത്തിലേക്കുള്ള ചെലവുകൾ ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ അധികരിച്ചതായി കാണുന്നു. കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും 214(1) 6 പ്രകാരം അനിവാര്യമായ അടിയന്തിര സാഹചര്യങ്ങളിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് പ്രാബല്യത്തിലുള്ളതായ ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഒരു തുകയും ചെലവാക്കുവാൻ പാടില്ലാത്തതാണ്. ബജറ്റ് തയ്യാറാക്കിയതിലെ അപാകതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. മറ്റ് റവന്യൂ ചെലവുകളാവട്ടെ ബജറ്റ് എസ്റ്റിമേറ്റിനേക്കാൾ വളരെ കുറവാണെന്നു കാണുന്നു. സ്ഥാപനത്തിന്റെ ഒരു വർഷത്തെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്ന ആധികാരിക രേഖയെന്ന നിലയിൽ ബജറ്റ് തയ്യാറാക്കുമ്പോൾ സ്ഥാപനം കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 27.04.2021 | | |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 8053003 |
| വരവ് | 60681393 |
| ആകെ | 68734396 |
| ചെലവ് | 61695516 |
| നീക്കിയിരിപ്പ് | 7038880 |

68734396

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 7495607 | 7495607 | 7463000 | 32607 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 2216831 | 2216831 | 1670152 | 546679 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 3424168 | 3424168 | 2395914 | 1028254 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 11587000 | 11587000 | 6962404 | 4624596 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3251000 | 3251000 | 2874538 | 376462 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 5704406 | 5704406 | 3472208 | 2232198 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | - | - | - | - | - |
| സാക്ഷരത | | 3294 | 113 | 3407 | 6 | 3401 |
| ദുരിതാശ്വാസനിധി | | 1987 | 79 | 2066 | 0 | 2066 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 7628963 | 7628963 | 7628963 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 13028 | 1508148 | 1521176 | 1520300 | 876 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| ഐ.സി.ഡി.എസ്. | | 1091270 | 627122 | 1718392 | 1196663 | 521729 |
| കേന്ദ്ര സർക്കാരിന്റെ പ്രത്യേക ഗ്രാന്റ് | | 0 | 9900000 | 9900000 | 9900000 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ശുചിത്വ മിഷൻ | | 24419 | 159630 | 184049 | 159630 | 24419 |
| വിമുക്തി | | 160 | 0 | 160 | 0 | 160 |
| കേരളോത്സവം | | 20000 | 20000 | 40000 | 40000 | 0 |
| വാട്ടർ ഷെഡ് | | 3797 | 131 | 3928 | 0 | 3928 |
| ഹരിയാലി | | 19840 | 684 | 20524 | 0 | 20524 |
| സമ്പൂർണ്ണ ശുചിത്വം | | 361173 | 27000 | 388173 | 0 | 388173 |
| സമ്പൂർണ്ണ ശുചിത്വം | | 10371 | 0 | 10371 | 0 | 10371 |
| ഐ.ഡി.സി.ബി. ഇ.എം.എസ്. | | 736276 | 29808 | 766084 | 0 | 766084 |
| ഖരമാലിന്യ സംസ്കരണം | | 1634840 | 0 | 1634840 | 129000 | 1505840 |
| സംസ്ഥാന സർക്കാർ അവാർഡ് തുക | | 1270000 | 500000 | 1770000 | 249151 | 1520849 |
| മറ്റ് സ്ഥാപനങ്ങളിൽ നിന്നുള്ള പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് | | 58378 | 198481 | 256859 | 250267 | 6592 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 586457 | 2205000 | 2791457 | 1932656 | 858801 |
| | ജില്ലാ പഞ്ചായത്ത് | 969616 | 29808 | 999424 | 5927 | 993497 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 5467871 | 5467871 | 5467871 | 0 |

കുറിപ്പ്

1. എൻ.ആർ.ഇ.ജി.എസ്. തൊഴിലാളികളുടെ കൂലി യഥാർത്ഥ ചെലവ് വാർഷിക കണക്കുകളിലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല.
2. വികസന ഫണ്ട്- ജനറൽ, എസ്.സി.പി., ടി.എസ്.പി. എന്നിവയിലെ ജി.ഒ. പ്രോജക്ട് ചെലവ് തുകകൾ വാർഷിക കണക്കിൽ ചെലവ് ഇനത്തിൽ ഉൾപ്പെട്ടിട്ടില്ല.

## 1-5 പദ്ധതി അവലോകനം

പദ്ധതിരൂപീകരണം, പദ്ധതി നിർവ്വഹണം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ഇതോടൊപ്പം ചേർക്കുന്നു.

### 1-5-1 ആസൂത്രണ സമിതി

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ആസൂത്രണ നിർവ്വഹണ പ്രക്രിയകളിലെ ജനപങ്കാളിത്തം ഉയർത്തുന്നതിനും ഭരണസമിതിയെ സഹായിക്കുന്നതിനായി പ്രസിഡണ്ട് ചെയർമാനും സെക്രട്ടറി കൺവീനറും ആസൂത്രണ പ്രക്രിയയിൽ സഹായിക്കാൻ കഴിയുന്ന വിദഗ്ധ അംഗങ്ങളും സ്റ്റാന്റിംഗ് കമ്മറ്റി അംഗങ്ങളും വിദഗ്ധരായ സന്നദ്ധ സേവകരും ഉൾപ്പെടെ 12 അംഗങ്ങളുള്ള ഒരു ആസൂത്രണ സമിതി ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും രൂപീകരിക്കേണ്ടതാണ് എന്ന മാർഗ്ഗരേഖാ നിർദ്ദേശം പാലിച്ചുകൊണ്ട് ആസൂത്രണസമിതി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ 2019-20 ലെ വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട യോഗം 23.10.2018 ൽ കൂടിയതായി മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും രണ്ട് പേർ മാത്രമാണ് പങ്കെടുത്തത്. തീരുമാനങ്ങളൊന്നും എടുത്തതായി രേഖപ്പെടുത്തിയിട്ടില്ല. തുടർന്ന് തൻവർഷം യോഗം ചേർന്നിട്ടില്ല.

### 1-5-2 വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം.

കടയത്തൂർ ഗ്രാമപഞ്ചായത്തിലെ 13 വർക്കിംഗ് ഗ്രൂപ്പുകളും മിനിട്ട്സുകൾ പ്രകാരം 2019-20 വർഷത്തെ പദ്ധതി രൂപീകരണത്തിനായി 23.10.2018 ൽ യോഗം ചേർന്നിട്ടുണ്ട്. തുടർന്ന് 2019-20 വർഷ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ ചേർന്നിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കുന്നതായി കാണുന്നില്ല.

1-5-3 ഗ്രാമസഭ

ഗ്രാമസഭാ മിനിട്ട്സുകൾ പ്രകാരം 13 വാർഡുകളിലും 2019-20 വാർഷികപദ്ധതി രൂപീകരണത്തിനായി 2018 ഒക്ടോബർ-നവംബർ മാസങ്ങളിലും ഗുണഭോക്തൃ തിരഞ്ഞെടുപ്പിനായി ആഗസ്റ്റ് 2019ലും വ്യക്തിഗത ആനുകൂല്യ പട്ടിക അംഗീകരിക്കലിനായി ഫെബ്രുവരി 2020ലും ഗ്രാമസഭകൾ കൂടിയിട്ടുണ്ട്.

1-5-4 പദ്ധതികളുടെ അംഗീകാരം

ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിയുടെ ഉത്തരവ് നം. 2820/18/DPC/DPO/IDK തീ.03.10.2019 പ്രകാരം 2019-20 വർഷ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. 29 സ്പിൽ ഓവർ പദ്ധതികളും 119 തൻവർഷ പദ്ധതികളും ഉൾപ്പെടെ ആകെ 148 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചത്. ആയതിൽ 112 പദ്ധതികൾ നടപ്പാക്കിയിരിക്കുന്നു. സ്റ്റാന്റിംഗ് കമ്മറ്റികൾ പദ്ധതികളുടെ നിർവ്വഹണത്തിലും മോണിട്ടറിംഗിലും കാര്യമായ ഇടപെടലുകൾ നടത്തുന്നില്ല.

1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ്₹ | വരവ്₹ | ആകെ₹ | ചെലവ്₹ | നീക്കിയിരുപ്പ്₹ |
|---|---|---|---|---|---|
| ഭരണച്ചെലവ് | 13028 | 1508148 | 1521176 | 1520300 | 876 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 7628963 | 7628963 | 7628963 | 0 |

1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വിധവ പെൻഷൻ | 2049000 | 339 |
| വാർദ്ധിക്യകാല പെൻഷൻ | 6579900 | 1019 |
| വികലാംഗ പെൻഷൻ | 748200 | 120 |
| അവിവാഹിത പെൻഷൻ | 186600 | 34 |
| തൊഴിൽരഹിത വേതനം | 81000 | 78 |
| കർഷക തൊഴിലാളി പെൻഷൻ | 441600 | 73 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 120000 | 4 |

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.06.2021ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 61/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

1-9 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ക്രമീകരണം

ഓഫീസ് ക്രമീകരണത്തിന് വേണ്ടി ഓഫീസ് ഉത്തരവ് തയ്യാറാക്കി ജീവനക്കാരുടെ ജോലി വിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. ഓഫീസ് മീറ്റിംഗ് എല്ലാ മാസവും കൃത്യമായി കൂടുന്നുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും രജിസ്റ്ററിൽ സൂപ്പർവൈസിംഗ് ഓഫീസർ എല്ലാ ദിവസവും സാക്ഷ്യപ്പെടുത്തൽ വരുത്തുന്നില്ല.

സ്ഥലംമാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. ഫയലുകൾ കുറിപ്പ് സഹിതം സെക്ഷനുകളുടെ സീൽ പതിച്ച് ഒപ്പ് വെച്ച് പരിപാലിക്കുകയോ തൻപതിവേട് യഥാവിധി പരിപാലിക്കുകയോ ചെയ്യുന്നില്ല.

രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

പൊതുമരാമത്ത് പ്രവർത്തികളുടെ എഗ്രിമെന്റ് രജിസ്റ്റർ, ക്യാഷ്ബുക്ക്, ആസ്തിരജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. ആസ്തി രജിസ്റ്റർ സർക്കാർ സർക്കുലറിൽ നിർദ്ദേശിക്കും പ്രകാരം പരിപാലിക്കേണ്ടതാണ്.

പൊതുടാപ്പുകളുടെയും തെരുവ് വിളക്കുകളുടെയും സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തുന്നില്ല. സെക്രട്ടറി സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല.

തനതുവരുമാനം

ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി തയ്യാറാക്കി സൂക്ഷിക്കാത്തത് സ്ഥാപനത്തിന്റെ വരുമാന വർദ്ധനവിനെ ബാധിക്കുന്നു. വരവ് ചെലവ് കണക്കുകൾ ബജറ്റിന്റെ അടിസ്ഥാനത്തിൽ മോണിട്ടർ ചെയ്യുന്നില്ല. വരവുകൾ കൃത്യമായി തിട്ടപ്പെടുത്തുകയും ഈടാക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തുകയും കുടിശ്ശികകൾ ഈടാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി മാസാന്ത്യ വരവ് ചെലവു കണക്കുകൾ തയ്യാറാക്കിയിട്ടുണ്ട്. തനതുവരുമാനം വർദ്ധിപ്പിക്കുന്നതിന് പുതിയ നികുതി നിർദേശങ്ങളൊന്നും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഉയർന്നു വന്നിട്ടില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.11.2020 മുതൽ 12.11.2020 വരെ | 10/2019 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.08.2006 | 1997-98 മുതൽ 2005-06 വരെ | 20/11/2006 |

1-11 വാർഷിക കണക്കിലെ അപാകതകൾ

2019-20 വർഷത്തെ വാർഷിക കണക്കുകൾ തയ്യാറാക്കിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1-11-2 ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന മുൻകൂർ തുകകൾക്ക് വ്യക്തതയില്ല

ബാലൻസ് ഷീറ്റിൽ ബി.18 ഷെഡ്യൂളിൽ Advance To Implementing Officers, Electricity Deposit എന്നീ ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന യഥാക്രമം ₹ 170361/-, 13350/- എന്നീ നീക്കിയിരിപ്പ് തുകകൾ മുൻവർഷം ക്രമീകരിക്കാതെ അവശേഷിക്കുന്നവയാണ്. ടി തുകകളുടെ മറ്റ് വിശദാംശങ്ങൾ ലഭ്യമല്ല.

1-11-3 വസ്തുനികുതി സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള തുകകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല

വസ്തുനികുതി സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ ബാലൻസ് തുകകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ റിപ്പോർട്ടിൽ ഖണ്ഡിക 1-13 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-12 ഫാക്ടിയോസ് ഫീസ്- സ്ഥാപനങ്ങളുടെ എണ്ണം, ഫീസ് പിരിവ് - കുറയുന്നു

കുടയത്തൂർ ഗ്രാമപഞ്ചായത്തിൽ 2019-20 വർഷത്തെ ഫാക്ടിയോസ് എടുക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം മുൻ വർഷത്തെ അപേക്ഷിച്ച് കുറവായി കാണപ്പെടുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം | ലൈസൻസ് ഫീസ് വരവ് |
|---|---|---|
| 2018-19 | 159 | 86050 |
| 2019-20 | 139 | 75250 |

വർഷാവർഷം സ്ഥാപനങ്ങളുടെ എണ്ണം കൂടുന്നതിനു പകരം സ്ഥാപനങ്ങളുടെ എണ്ണത്തിലും ഫീസ് വരുമാനത്തിലും ഉണ്ടായ കുറവിനുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 14) മറുപടി ഹാജരാക്കിയില്ല. സഞ്ചയ പ്രകാരം പഞ്ചായത്തിൽ 469 കെട്ടിടങ്ങൾ വ്യാപാരാവശ്യത്തിനുള്ളവ എന്ന ഗണത്തിൽ ഉൾപ്പെടുത്തി നികുതി അടവാക്കുന്നുണ്ട്. ഇതിൽ വെറും 139

എണ്ണം മാത്രമാണ് ലൈസൻസ് എടുത്തു പ്രവർത്തിയ്ക്കുന്നത്. പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാക്കിയ ഇത്തരം നടപടികൾ ആവർത്തിയ്ക്കാതിരിയ്ക്കുന്നതിന് ഓരോ വാർഡിലുമുള്ള വ്യാപാര സ്ഥാപനങ്ങളുടെ ഫീൽഡ് തല പരിശോധന നടത്തി ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്. മേൽ അപാകത സംഭവിച്ചതിനുള്ള വിശദീകരണം ഹാജരാക്കേണ്ടതാണ്.

## 1-13 വസ്തു നികുതി കണക്കിലെ അപാകതകൾ

കുടയത്തൂർ ഗ്രാമപഞ്ചായത്തിലെ 2019-20 വർഷത്തെ വസ്തുനികുതി കണക്കുകളിൽ താഴെ സൂചിപ്പിക്കുന്ന പ്രകാരം വ്യത്യാസമുള്ളതായി കാണുന്നു.

| വസ്തു നികുതി ഇനം | സഞ്ചയ പ്രകാരം | | | സാംഖ്യ പ്രകാരം | | |
|---|---|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| പാർപ്പിടം(തൻവർഷം) | 920966 | 853520 | 27906 | 86685 | 860365 | 61612 |
| പാർപ്പിടം(കുടിശ്ശിക) | 131927 | 15228 | 117445 | 93798 | 13826 | 118101 |
| പാർപ്പിടേതരം(മുൻവർഷം) | 635808 | 544875 | 74270 | 92646 | 539588 | 96628 |
| പാർപ്പിടേതരം(കുടിശ്ശിക) | 432914 | 5328 | 427710 | 365718 | 5046 | 427868 |

സാംഖ്യ-സഞ്ചയ കണക്കുകളിൽ ഉണ്ടായ വ്യത്യാസം പരിഹരിയ്ക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. 2019-20 വർഷത്തിൽ 2,3,6,8,9,11,13 എന്നീ വാർഡുകളിൽ വസ്തു നികുതി പൂർണ്ണമായും പിരിച്ചതായും ബാക്കി വാർഡുകളിൽ പിരിവ് വിവിധ കാരണങ്ങളാൽ പൂർത്തീകരിയ്ക്കാത്തതായും കാണപ്പെടുന്നു. നികുതി പിരിവ് ഊർജ്ജിതമാക്കി അവശേഷിയ്ക്കുന്ന വസ്തു നികുതി കൂടി പിരിച്ചെടുക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 1-14 ഫാക്ടിയോസ് ഫീസ് കുറവായി ഈടാക്കി

31-10-2017 ലെ ഫാക്ടിയോസ് ജി.ഒ.പി. നമ്പർ 80/2017 എൽ.എസ്.ജി.ഡി. പ്രകാരം ഒരു കോടി മുതൽ അഞ്ച് കോടി വരെയുള്ള സംരംഭങ്ങൾക്ക് ₹5000/- ലൈസൻസ് ഫീസിനത്തിൽ ഈടാക്കാവുന്നതാണ്. കൂടാതെ താമസിച്ച് ലൈസൻസ് പുതുക്കുന്നതിനായി സമർപ്പിക്കുന്ന അപേക്ഷകൾക്ക് യന്ത്രശക്തിക്ക് അനുസൃതമായി 100 മുതൽ 200 HP വരെ ₹2000/- വും പിന്നീടുള്ള ഓരോ അധികം HP യ്ക്കും ₹10/- വീതവും ഈടാക്കേണ്ടതാണ്. കുടയത്തൂർ ഗ്രാമപഞ്ചായത്തിലെ ബെറ്റി ബൈജു, പുളിയന്മാക്കൽ, അറക്കുളം പി.ഓ. എന്നയാൾ 16-03-2019 ൽ ക്രഷർ യൂണിറ്റ് ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷയോടൊപ്പം സമർപ്പിച്ച പൊല്യൂഷൻ കൺട്രോൾ ബോർഡ് സർട്ടിഫിക്കറ്റ് (ഫയൽ നം. Pcb/Idk/Ct0/2016 / 21-08-2018 ) പ്രകാരം ക്യാപിറ്റൽ നിക്ഷേപം 4 കോടിയും പവർ 831 HP യും ആണ്. എന്നാൽ ₹2000/- (രസീത് നമ്പർ 118030102432/30-03-2019) മാത്രമാണ് ഫീസിനത്തിൽ ഈടാക്കിയിട്ടുള്ളത്. കൂടാതെ താമസിച്ച് സമർപ്പിച്ച അപേക്ഷയിൽ പിഴപ്പലിശ ഈടാക്കിയിട്ടുമില്ല. വിശദ വിവരം ചുവടെ.

| ഇനം | ഈടാക്കിയ തുക | ഈടാക്കേണ്ടത് | ഈടാക്കാനവശേഷിക്കുന്നത് |
|---|---|---|---|
| ലൈസൻസ് ഫീസ് | 2000 | 5000 | 3000 |
| ലേറ്റ് ഫീസ്(831 HP) 25% | - | (2000+6310= 8310) *25%=2077.5 | 2078 |
| ആകെ | | | 5078/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. ന് മറുപടി ഹാജരാക്കിയില്ല. വിശദാംശങ്ങൾ ഖണ്ഡിക 2-1 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-15 ലേലം നടത്തിപ്പിലെ അപാകതകൾ

കുടയത്തൂർ ഗ്രാമപഞ്ചായത്തിന്റെ പഴയ ഓഫീസ് കെട്ടിടത്തിന്റെ പൊളിച്ച് മാറ്റിയ ജീർണ്ണിച്ച ഉരുപ്പടികൾ, ഓട് മുതലായവ ലേലം ചെയ്യപ്പോൾ ഓരോ ഉരുപ്പടികളുടെയും മതിപ്പ് വില അസിസ്റ്റന്റ് എഞ്ചിനീയർ കണക്കാക്കി, അതിൻ പ്രകാരം കൂടിയ തുകയ്ക്ക് വേണമായിരുന്നു ലേലം നടത്തേണ്ടത്. എന്നാൽ 18-05-2019 ന് മേൽ സൂചിപ്പിച്ച ഉരുപ്പടികൾ ഇബ്രാഹിം, ഓണാട്ടിൽ, കുടയത്തൂർ എന്നയാൾക്ക് ₹6500/- ന് (രസീത് നം.11903010022718-05-2019, 11903010033911-06-2019) ടി മാനദണ്ഡങ്ങൾ പാലിയ്ക്കാതെ ലേലത്തിൽ നൽകിയിരിയ്ക്കുന്നു. ഇതിനുള്ള വിശദീകരണം ഹാജരാക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9 ന് അടിയന്തിരമായി നീക്കം ചെയ്യേണ്ടതിനാൽ സാധനങ്ങൾ വാല്യുവേഷൻ എടുക്കാതെ ലേലം ചെയ്യുവെന്ന മറുപടിയാണ് ഹാജരാക്കിയത്. പഴയ പഞ്ചായത്തിലെ പൊളിച്ച് മാറ്റിയ ഉരുപ്പടികൾ എന്ന വകയിൽ ഏതൊക്കെ ഇനത്തിലെ എത്ര ഉരുപ്പടികളാണ് എന്നും അവയുടെ മതിപ്പ് വില എന്തെന്നും വ്യക്തമാക്കാതെ ലേലം നടത്തിയിട്ടുള്ളത് പൊതു മുതൽ ഉത്തരവാദിത്തമില്ലാതെ കൈകാര്യം ചെയ്യുന്നതിന് ഉത്തമ ഉദാഹരണമാണ്. ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിലേയ്ക്ക് ക്ഷണിയ്ക്കുന്നു.

## 1-16 മുൻ വർഷത്തേതിൽ നിന്നും വാടക വരവിനത്തിൽ കുറവ്

2018-19 വർഷം പഞ്ചായത്തിന് കെട്ടിട വാടകയിനത്തിൽ ₹200356/- ലഭ്യമായിട്ടുണ്ട്. എന്നാൽ 2019-20 സാമ്പത്തിക വർഷത്തിൽ വാടക തുക 10% വർദ്ധിപ്പിച്ചെങ്കിലും ഡിമാന്റ് , കളക്ഷൻ എന്നിവ മുൻ വർഷത്തേതിൽ നിന്നും കുറവായി ₹ 180828/- മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7 ന് മറുപടിയായി 3/116-ാം നമ്പർ മുറി 31-03-2019 ൽ മുൻ വാടകക്കാർ ഒഴിവായിട്ടുള്ളതും പിന്നീട് മെയ്, ജൂൺ, നവംബർ, ജനവരി എന്നീ മാസങ്ങളിൽ ലേലം നടത്തിയെങ്കിലും ആരും ലേലം കൊള്ളാൻ തയ്യാറാകാത്തതിനാൽ 2019 ഏപ്രിൽ മുതൽ ഹരിതകർമ്മസേനയ്ക്ക് പ്ലാസ്റ്റിക് മാലിന്യങ്ങൾ സൂക്ഷിക്കുന്നതിനുള്ള എംസിഎഫ് ആയി ഉപയോഗിച്ച് വരുന്ന എന്നും അറിയിച്ചിരിയ്ക്കുന്നു. മുൻ വർഷം ₹1865/- ആണ് ടി മുറിയ്ക്ക് മാസ വാടകയിനത്തിൽ ഈടാക്കിയിരുന്നത്.

ഇതേ പ്രകാരം 3/119-ാം നമ്പർ മുറി 2019 സെപ്റ്റംബർ 30-ന് ഒഴിവായിട്ടുള്ളത്, പിന്നീട് സെപ്റ്റംബർ, നവംബർ, ജനുവരി എന്നീ മാസങ്ങളിൽ ലേലം നടത്തിയിട്ടുള്ളതും ആരും ലേലത്തിൽ എടുക്കാത്തതുമാണ് എന്ന് മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ടി മുറിയ്ക്ക് ₹ 3700/- ആണ് മുൻവർഷത്തെ മാസവാടക. ഇങ്ങനെ മുറികൾ വാടക വർദ്ധന മൂലം, പലതവണ ലേലം നടത്തിയിട്ടും ആരും ലേലം കൊള്ളാൻ തയ്യാറാകാത്തപ്പോൾ കമ്മിറ്റി തീരുമാന പ്രകാരം വാടക കുറച്ച് കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ലേലം നടത്താവുന്നതും അപ്രകാരം തനത് ഫണ്ടിന് വാടക ഇനത്തിലുണ്ടാകുന്ന വൻ നഷ്ടം ഒഴിവാക്കാവുന്നതുമാണ്. കോവിഡ് പ്രതിസന്ധി ഘട്ടത്തിൽ ചെറുകിട കച്ചവടക്കാർക്ക് ഈ തീരുമാനം സഹായകമാവുകയും ചെയ്യും. പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിന് അവശ്യം വേണ്ട സൌകര്യങ്ങൾ ഒരുക്കാതെ പഞ്ചായത്ത് കെട്ടിടത്തിൽ തന്നെ നിലവിലുള്ള വാടക വരുമാന സ്രോതസ്സ് ഇല്ലാതാക്കി അത് മാലിന്യ നിക്ഷേപത്തിന് ഉപയോഗിക്കുന്നത് അനാരോഗ്യകരവും അപലപനീയവുമാണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 1-17 ഓപ്പൺ ടെണ്ടറിൽ മത്സര സ്വഭാവത്തിന്റെ അഭാവം

മരാമത്ത് പ്രവൃത്തികൾ ഓപ്പൺ ടെണ്ടറിലൂടെ നടപ്പാക്കുമ്പോൾ കരാറുകാർക്ക് ബാഹ്യ ക്രമീകരണങ്ങളിലൂടെ നിരക്ക് തീരുമാനിക്കാൻ അവസരം ലഭിക്കുകയും പഞ്ചായത്തിന് ടെണ്ടർ കിഴിവ് ലഭിക്കുന്നതിന് അവസരം നഷ്ടപ്പെടുകയും ചെയ്യുന്നതായി മരാമത്ത് പ്രവൃത്തികളുടെ ടെൻഡറുകൾ പരിശോധിച്ചതിൽ വ്യക്തമായി. തൻവർഷം ഓപ്പൺ ടെണ്ടറിലൂടെ നടപ്പാക്കിയ 29 മരാമത്ത് പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിൽ തന്നെയാണ് കരാറുകാർ ഏറ്റെടുത്ത് നടപ്പാക്കിയിരിക്കുന്നത്. ഓരോ പ്രവൃത്തികളിലും രണ്ട് കരാറുകാർ വീതം ടെണ്ടറിൽ പങ്കെടുക്കുകയും ഒരാൾ എസ്റ്റിമേറ്റിനേക്കാൾ

കൂടിയ നിരക്കും അടുത്ത ആൾ എസ്റ്റിമേറ്റ് നിരക്കും രേഖപ്പെടുത്തുകയും ചെയ്യുന്നു. കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ആൾ എന്ന നിലയ്ക്ക് എസ്റ്റിമേറ്റ് നിരക്ക് രേഖപ്പെടുത്തിയ ആൾക്ക് കരാർ ഉറപ്പിച്ച് നൽകുകയും ചെയ്യുന്നു. എന്നാൽ ഇ-ടെണ്ടർ മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ കാര്യമായ മത്സരം നടക്കുന്നതായും 17.31% വരെ ടെണ്ടർ കിഴിവിൽ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയിരിക്കുന്നതായും കാണുന്നു. ഓപ്പൺ ടെണ്ടർ/ഇ-ടെണ്ടർ ആയി നടപ്പാക്കിയ ഏതാനും പ്രവൃത്തികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമനം | പ്രവൃത്തി | എസ്റ്റിമേറ്റ് തുക ₹ | കരാർ നിരക്ക് | റിമാർക്സ് |
|---|---|---|---|---|
| 1 | പഴയപള്ളി വെള്ളാപ്പാണി റോഡ് കോൺക്രീറ്റ് | 494633 | എസ്റ്റിമേറ്റ് നിരക്ക് | ഓപ്പൺ ടെണ്ടർ |
| 2 | 48-ാം നമ്പർ അംഗൻവാടി-അട്ടൂർമല റോഡ് | 495000 | എസ്റ്റിമേറ്റ് നിരക്ക് | ഓപ്പൺ ടെണ്ടർ |
| 3 | തെങ്ങുംപള്ളിക്കവല-മുതിയാമല റോഡ് റീ ടാറിംഗ് | 495000 | എസ്റ്റിമേറ്റ് നിരക്ക് | ഓപ്പൺ ടെണ്ടർ |
| 4 | ശങ്കരപ്പള്ളി – വാഴയ്ക്കാപ്പാറ റോഡ് കോൺക്രീറ്റിംഗ് | 495000 | എസ്റ്റിമേറ്റ് നിരക്ക് | ഓപ്പൺ ടെണ്ടർ |
| 5 | ശരംകുത്തി അമ്പലം-അട്ടൂർമല റോഡ് കോൺക്രീറ്റിംഗ് | 495000 | എസ്റ്റിമേറ്റ് നിരക്ക് | ഓപ്പൺ ടെണ്ടർ |
| 6 | മാളിയേക്കൽ കോളനി റോഡ് കോൺക്രീറ്റിംഗ് | 660000 | 17.31% കുറവ് | ഇ-ടെണ്ടർ |
| 7 | കുന്നത്തുപടി അട്ടൂർമല റോഡ് കോൺക്രീറ്റിംഗ് | 1000000 | 17.21%കുറവ് | ഇ-ടെണ്ടർ |
| 8 | കുവപ്പള്ളി അംഗൻവാടി | 1300000 | 4.15%കുറവ് | ഇ-ടെണ്ടർ |

മേൽ വിവരങ്ങളിൽ നിന്ന് ഇ-ടെണ്ടർ മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ മാത്രമാണ് മത്സരം നടക്കുന്നത് എന്നും ടെണ്ടർ കുറവ് രേഖപ്പെടുത്തുന്നത് എന്നും വ്യക്തമാകുന്നു. ആയതിനാൽ അഞ്ച് ലക്ഷം എന്ന ഇ-ടെണ്ടർ നടത്തുന്നതിനുള്ള പരിധി ബാധകമാക്കാതെ ഒരു ലക്ഷം രൂപയിൽ അധികം എസ്റ്റിമേറ്റ് തുക വരുന്ന എല്ലാ പ്രവൃത്തികളും ഇ-ടെണ്ടർ നടത്തുന്നതായിരിക്കും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അഭികാമ്യം. മാത്രമല്ല ഇങ്ങനെ താഴ്ത്തുന്നതിലൂടെ ഇ-ടെണ്ടർ നടപടി ഒഴിവാക്കുന്നതിനായി അഞ്ച് ലക്ഷത്തിന് തൊട്ടുതാഴെയുള്ളതുകയിൽ അടങ്കൽ തുക ഒതുക്കുന്ന പ്രവണതയും നിർത്താൻ സാധിക്കും.

## 1-18 ലാപ്ടോപ്പ് വിതരണം- രേഖകൾ ഹാജരാക്കാത്തത്

പദ്ധതി 77/20

പദ്ധതി-പ്രൊഫഷണൽ കോളേജിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നല്കൽ

ബിൽ നമ്പർ 2/15-11-2019 തുക 59160/-

തൻവർഷം ഹെഡ്മാസ്റ്റർ, ഗവ.എൽ.പി സ്കൂൾ മുതിയാമല നിർവ്വഹണം നടത്തിയ പ്രൊഫഷണൽ കോളേജിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം നല്കൽ പദ്ധതിയ്ക്കായി മേൽ തുക ചിലവഴിച്ച് 2 ലാപ്ടോപ് വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട വകുപ്പിൽ നിന്ന് ഗുണഭോക്താക്കൾക്ക് പ്രസ്തുത ആനുകൂല്യം ലഭ്യമായിട്ടില്ല എന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹59160 /- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 ട്രൈബൽ മെഡിക്കൽ ക്യാമ്പ് - അപാകതകൾ

പ്രോജക്ട് : ട്രൈബൽ മെഡിക്കൽ ക്യാമ്പ്

പ്രോജക്ട് നം : എസ് 0035/20

ബിൽ നം : 1910015200050101 2348 തിയതി 30.12.19 രൂ 42000/-

ട്രൈബൽ മേഖലകളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ജീവിതശൈലി ഉൾപ്പെടെയുള്ള രോഗങ്ങളുടെ പരിശോധനയും മരുന്നുവിതരണവുമാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഇതിനായി മോർക്കാട്, അട്ടൂർമല, ഞരളംമ്പുഴ മുതിയാമല തുടങ്ങിയ ഇടങ്ങളിൽ ക്യാമ്പ് സംഘടിപ്പിക്കുകയും ചെയ്തു. പ്രസ്തുത ക്യാമ്പുകളിൽ വിതരണം ചെയ്യുന്നതിനായി മേൽ പരാമർശിച്ച ബിൽ പ്രകാരം സപ്ലൈകോ മാവേലി മെഡിക്കൽ സ്റ്റോർ തൊടുപുഴ എന്ന സ്ഥാപനത്തിൽ നിന്നും 42000/-രൂപയ്ക്ക് മരുന്നുകൾ വാങ്ങിയിട്ടുണ്ട്. ഈ മരുന്നുകളുടെ ക്യാഷ് ബില്ല് സ്റ്റോക്ക് രജിസ്റ്ററിൽ ഒട്ടിച്ചു വയ്ക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. മരുന്നുകൾ വിതരണം ചെയ്തതു സംബന്ധിച്ച് ഒരു രേഖയും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം 9 ന് മറുപടി നല്കിയിട്ടില്ല. മരുന്നുകൾ യഥാവിധി സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യേണ്ടതായിരുന്നു. മരുന്ന് വിതരണം ചെയ്തതിന്റെ രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹ 42000/- തടസ്സപ്പെടുത്തുന്നു.

## 1-20 പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തുന്നില്ല.

2019-20 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ 84 ടാപ്പുകൾക്ക് പ്രതിമാസം ശരാശരി ₹ 36750/ വീതമാണ് വെള്ളക്കരമായി ഒടുക്കുന്നത്. മാർച്ച് 2020 ലെ ഡിമാന്റ് നോട്ടീസ് പ്രകാരം പിഴ ഉൾപ്പെടെ വെള്ളക്കരമിനത്തിൽ ₹3067975/- അടവാക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ജി.ഒ.(ആർ.ടി)2242/2011/ ത.സ്വ.ഭ.വ 28-9-2011 പ്രകാരം സംയുക്തപരിശോധന നടത്താത്ത തദ്ദേശ ഭരണ സ്ഥാപനങ്ങൾ രണ്ടാഴ്ചയ്ക്കകം വാട്ടർ അതോറിറ്റിക്ക് രേഖാമൂലം കത്ത് നല്കി വാട്ടർ അതോറിറ്റി ഒരാഴ്ചയ്ക്കകം പരിശോധന നടത്തേണ്ടതുമാണ്. എന്നാൽ കുടയത്തൂർ ഗ്രാമപഞ്ചായത്തിലെ 84 പൊതുടാപ്പുകളിൽ പലതും പ്രവർത്തനക്ഷമമല്ല എന്നും ഉപയോഗക്ഷമമായ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുവാൻ വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തി വെള്ളക്കരം ഒടുക്കുന്നതിന്റെ കൃത്യത ഉറപ്പാക്കണമെന്നും സെക്രട്ടറി 31-10-2019 ലെ നമ്പർ എ3-984/19 കത്ത് പ്രകാരം വാട്ടർ അതോറിറ്റിയെ

അറിയിച്ചിട്ടുണ്ട്. എന്നാൽ സംയുക്ത പരിശോധന നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമല്ല. സർക്കാർ നിർദ്ദേശം പാലിച്ച് പൊതുടാപ്പുകളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് സംയുക്ത പരിശോധന നടത്തേണ്ടതും പരിശോധനയുടെ അടിസ്ഥാനത്തിൽ മാത്രം വെള്ളക്കരം ഒടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

1-21 നിർമ്മാണം പൂർത്തീകരിക്കാത്ത കെട്ടിടത്തിലേക്ക് ഫർണിച്ചർ വാങ്ങിയിരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് | S0019/20, പഞ്ചായത്ത് ഓഫീസ് ഓഡിറ്റോറിയത്തിലേക്ക് കസേര വാങ്ങൽ |
| അടങ്കൽ | ₹100000/- (വികസന ഫണ്ട്) |
| ബിൽ നം./ തീയതി/ തുക | 807232/ 12.11.2019/ ₹ 99882/- |

മേൽ പദ്ധതി പ്രകാരം പഞ്ചായത്ത് ഓഫീസ് ഓഡിറ്റോറിയത്തിൽ ഉപയോഗത്തിനായി 186 കസേരകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ഓഡിറ്റോറിയത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുകയോ ഉപയോഗയോഗ്യമാക്കുകയോ ചെയ്തിട്ടില്ല. ഓഡിറ്റ് വേളയിൽ നടത്തിയ പരിശോധനയിൽ കെട്ടിടത്തിന് അടച്ചുപൂട്ടില്ലാത്തതിനാൽ ഓഡിറ്റോറിയം വ്യത്തിഹീനമായ നിലയിലാണ് ഉള്ളതെന്ന് ബോദ്ധ്യപ്പെട്ടു. കസേരകൾ വാങ്ങി പഞ്ചായത്തോഫീസിൽ സൂക്ഷിച്ച് ഒരു വർഷം കഴിഞ്ഞിട്ടും ഓഡിറ്റോറിയത്തിന്റെ പൂർത്തീകരണത്തിന് ആവശ്യമായ പദ്ധതി പോലും ഏറ്റെടുത്തിട്ടില്ല. ഓഡിറ്റോറിയത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്. ഭാവിയിൽ വാങ്ങൽ നടപടികൾ സ്വീകരിക്കുമ്പോൾ ഇത്തരം അപാകതകൾ ഉണ്ടാവാതെ ശ്രദ്ധിക്കേണ്ടതാണ്.

1-22 മോണിട്ടറിംഗ് സമിതി നിർജീവം

പഞ്ചായത്ത് വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്കരിച്ച് ആസൂത്രണ സമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ, തദ്ദേശ സ്ഥാപനങ്ങളിലെയും അവയ്ക്ക് കൈമാറിക്കിട്ടിയ വിവിധ സ്ഥാപനങ്ങളിലെയും ഉദ്യോഗസ്ഥർ മുഖേനയാണ് നടപ്പാക്കുന്നത്. മേഖല അടിസ്ഥാനത്തിൽ അതതു മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണ ഘട്ടങ്ങളിലെ മോണിട്ടറിംഗ് നടത്തേണ്ടത്. മോണിട്ടറിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പ് ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കുന്ന പ്രോജക്ട് പ്രൊഫോർമയിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പദ്ധതികളിൽ മോണിട്ടറിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗ് നടത്തി റിപ്പോർട്ട് നൽകിയിട്ടില്ല.

1-23 ഇ-ടെണ്ടർ ഫീസ് ലഭിച്ചിട്ടില്ല

അഞ്ചു ലക്ഷം രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ ഇ-ടെൻഡർ നടപടിക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്റെ 30.4.2015-ലെ ജി.ഒ.(പി) 1288/15 നമ്പർ ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ ഫീ ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനിയറുടെ അക്കൗണ്ടിലേക്കാണ് ഒടുക്കുന്നത്. ഗ്രാമപഞ്ചായത്ത് 2019-20 സാമ്പത്തിക വർഷം ടെണ്ടർ നടത്തിയ പ്രവൃത്തിയുടെ ഈ-ടെൻഡർ തുകയായി ₹99210/- ജില്ലാ പഞ്ചായത്ത് അക്കൌണ്ടിൽ അവശേഷിക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് / പ്രോജക്ട് നം | ലഭ്യമായ ടെണ്ടർ ഫീ-₹ |
|---|---|---|
| 1 | കോളപ്ര അംഗൻവാടി-ധന്വന്തരി ചാലപ്പുറം റോഡ് കോൺക്രീറ്റ് നം.39/20 | 15680 |
| 2 | മാളിയേക്കൽ കോളനി റോഡ് കോൺക്രീറ്റിംഗ്.52/20 | 11824 |
| 3 | കോളപ്ര-തലയനാട് പരപ്പിൻകര റോഡ് 57/20 | 1781 |
| 4 | കുന്നത്തുപടി അട്ടൂർമല റോഡ് കോൺക്രീറ്റിംഗ്. 46/20 | 20160 |
| 5 | കുവപ്പള്ളി അംഗൻവാടി കെട്ടിടനിർമ്മാണം.95/20 | 5600 |
| 6 | കോളപ്ര അട്ടൂർമല റോഡ് റീ-ടാറിംഗ്.45/20 | 4480 |
| 7 | കോളപ്ര കടുകുംമാക്കൽ റോഡ് കോൺക്രീറ്റിംഗ്. | 11074 |
| 8 | വെങ്കിട്ട അംഗൻവാടി ഓലിക്കയം റോഡ് കോൺക്രീറ്റിംഗ്. | 22090 |
| 9 | കോളപ്ര -പരപ്പിൻകര റോഡ് റീ ടാറിംഗ് | 5400 |
| 10 | കൈപ്പ റോഡ് റീടാറിംഗ്. | 1121 |
| | ആകെ | 99210 |

കൂടാതെ ഇ-ടെണ്ടർ ഫീ ഇനത്തിൽ മുൻ വർഷങ്ങളിൽ ജില്ലാ പഞ്ചായത്തിൽ വരവ് വന്ന തുകയും ഗ്രാമപഞ്ചായത്തിന് നാളിതുവരെ കൈമാറി ലഭിച്ചിട്ടില്ല. തുക ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്നും തിരികെ ലഭിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-24 മാലിന്യ നിർമ്മാജ്ജനം ഫലപ്രദമായ രീതിയിൽ പ്രവർത്തിക്കുന്നില്ല

2016-ലെ കേന്ദ്ര ഖരമാലിന്യ നിർമ്മാജ്ജന ചട്ടങ്ങളിലെ ചട്ടം 22(8) പ്രകാരം ഖരമാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്.

ദേശീയ ഗ്രീൻ ട്രിബ്യൂണലിന്റെ 23.09.2019 ലെ ഒ.എ . നം. 585/2018 കത്ത് പ്രകാരം ചട്ടങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിവരം റിപ്പോർട്ട് ചെയ്യാൻ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ്, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവരോട് നിർദ്ദേശിച്ചിരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായി മാലിന്യ ശേഖരണം, വേർതിരിക്കൽ, സംഭരണം, ട്രാൻസ്പോർട്ടേഷൻ, പ്രോസസ്സിംഗ്& ഡിസ്പോസൽ എന്നിവ നടത്തുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കാൻ ഇടുക്കി ജില്ലാ എൻവയോൺമെന്റൽ എഞ്ചിനീയർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് ആവശ്യപ്പെട്ടെങ്കിലും കുടയത്തൂർ ഗ്രാമപഞ്ചായത്ത് തൃപ്തികരമായ വിശദീകരണം നൽകിയില്ല. ആയതിനാൽ ചീഫ് എൻവയോൺമെന്റൽ എഞ്ചിനീയർ റീജണൽ ഓഫീസ് എറണാകുളത്തിന്റെ നിർദ്ദേശപ്രകാരം 1986ലെ എൻവയോൺമെന്റൽ പ്രൊട്ടക്ഷൻ നിയമത്തിലെ സെക്ഷൻ 5 പ്രകാരം 09/04/2019മുതൽ 30/09/2020 വരെയുള്ള എൻവയോൺമെന്റൽ കോമ്പൻസേഷനായി ₹181.15 ലക്ഷം ഈടാക്കാതിരിക്കുന്നതിന് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് 15 ദിവസത്തിനുള്ളിൽ നൽകാൻ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് 25.10.2020 ലെ PCB/HO/SEE2/585 2018/2019(VOL II) കാരണം കാണിക്കൽ നോട്ടീസ് ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുണ്ട്.

ഹരിതകർമ്മ സേന മുഖേന ഗാർഹിക/ഗാർഹീകേതര പ്ലാസ്റ്റിക് മാലിന്യ ശേഖരണം നടത്തുന്നുണ്ടെങ്കിലും അത് വേണ്ടത്ര ഫലപ്രദമല്ല. ഭാഗീകമായി മാത്രമാണ് മാലിന്യങ്ങൾ ഇവർ ശേഖരിക്കുന്നത്.ഇ-വേസ്റ്റുകൾ, ചെരുപ്പുകൾ, ബൾബുകൾ, ബാഗുകൾ, ചില്ലുകുപ്പികൾ തുടങ്ങിയ ഖരമാലിന്യങ്ങൾ ശേഖരിക്കുന്നതിന് യാതൊരു നടപടിയും ആരംഭിച്ചിട്ടില്ല. മാത്രമല്ല ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ സൂക്ഷിക്കുന്നതിനോ വേർതിരിക്കുന്നതിനോ പ്രോസസ്സ് ചെയ്യുന്നതിനോ

ഡിസ്പോസൽ ചെയ്യുന്നതിനോ ഫലപ്രദമായ യാതൊരു നടപടിയും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ഇത്തരത്തിൽ ഗുരുതരമായ വീഴ്ചകൾ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് മേൽ കാരണം കാണിക്കൽ നോട്ടീസ് നൽകിയത്.

2019-20 വർഷം പ്ലാസ്റ്റിക് മാലിന്യ ശേഖരണത്തിന്റെ യൂസർ ഫീസിനത്തിൽ ₹46520/-ലഭിച്ചിരിക്കുന്നു. ഇതിൽ ₹41570/-ഹോണറേറിയം ഹരിതകർമ്മ സേനയ്ക്ക് നൽകിയിരിക്കുന്നു. കൂടാതെ പദ്ധതി വിഹിതത്തിൽ നിന്ന് ₹320660/- ഹരിതകേരളം മാലിന്യ നിർമ്മാർജ്ജനം എന്ന പദ്ധതിക്കായി ചെലവഴിച്ചിരിക്കുന്നു. ഇതും ഹരിതകർമ്മസേനയുടെ പ്രവർത്തനത്തിനായാണ്.

ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽ ഉൾപ്പെടുന്ന മാലിന്യ നിർമ്മാർജനത്തിൽ ഫലപ്രദമായി നടപ്പാക്കുന്നതിന് ആവശ്യമായ ഇടപെടൽ നടത്തുകയും അതുവഴി പരിസ്ഥിതി മലിനീകരണം തടയുകയും ചെയ്യുന്നതിൽ ഗുരുതരമായിവീഴ്ച വന്നതിനാലാണ് എൻവയോൺമെന്റൽ കോമ്പൻസേഷനായി ₹181.15 ലക്ഷം മലിനീകരണ നിയന്ത്രണ ബോർഡ് ചുമത്തിയിരിക്കുന്നത്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ കാരണം കാണിക്കൽ നോട്ടീസിന് 19.11.2020ലെ A8-02/2020 നമ്പരായി മറുപടി നൽകിയെങ്കിലും ആയതിൻ മേലുള്ള പുനരഭിപ്രായം ലഭിച്ചിട്ടില്ല.

മാലിന്യ നിർമ്മാർജ്ജനത്തിന് പഞ്ചായത്തിന്റെ പരിധിയിൽ നിന്നുകൊണ്ടുള്ള ശക്തമായ നടപടികൾ സ്വീകരിക്കേണ്ടതും മാലിന്യ നിർമ്മാജ്ജനം, പരിസ്ഥിതി സംരക്ഷണം എന്നിവയുമായി ബന്ധപ്പെട്ട് കേന്ദ്ര/സംസ്ഥാന സർക്കാരുകൾ പുറപ്പെടുവിച്ചിരിക്കുന്ന വിവധ നിയമങ്ങൾ, ചട്ടങ്ങൾ, ഉത്തരവുകൾ എന്നിവ പാലിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വകരിക്കേണ്ടതുമാണ്.

## 1-25 ദുരിതാശ്വാസ നിധി

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം ദുരിതമനുഭവിക്കുന്ന പഞ്ചായത്ത് നിവാസികളും നിർദ്ധനരുമായവർക്ക് അടിയന്തിര ധനസഹായം നല്കുന്നതിന് വേറിട്ട് ഒരു അക്കൗണ്ട് രൂപീകരിക്കേണ്ടതാണ്. ഇതിൻപ്രകാരം ഗ്രാമപഞ്ചായത്ത് 16.01.2007 ൽ സർവ്വീസ് സഹകരണ ബാങ്ക്, കുടയത്തൂർ ശാഖയിൽ നം.4348 ആയി സെക്രട്ടറിയുടെ പേരിൽ ദുരിതാശ്വാസ നിധിയ്ക്കായ് ₹100/- നിക്ഷേപിച്ച് ഒരു അക്കൗണ്ട് ആരംഭിക്കുകയും ആയത് 03.06-2015വരെ പ്രവർത്തിക്കുകയും ചെയ്തിരുന്നു. പിന്നീട് അക്കൌണ്ടിൽ പണമിടപാടുകളൊന്നും നടന്നിട്ടില്ല. നിലവിൽ അക്കൗണ്ടിൽ ₹2066/- ബാക്കിയുണ്ട്.

## 1-26 എച്ച്.എം.സി. - വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 166(1) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ സർക്കാർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പ് ചുമതല ഗ്രാമപഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപെട്ടതാണ്. വകുപ്പ് 173(എ), 2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ, ചട്ടം.3(1) പ്രകാരം കൈമാറിയിട്ടുള്ള പൊതു ആരോഗ്യ സ്ഥാപനങ്ങളിൽ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർ ഉൾപ്പടെ 15 അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജിംഗ് കമ്മിറ്റി നിർണ്ണയിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണ്.

ചട്ടം 9(1) പ്രകാരം പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് ഓഡിറ്റ് നടത്തേണ്ടത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പാണ്. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9(1) പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച ശേഷം 4 മാസത്തിനകം വാർഷിക

കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ് (ജൂലായ് 31 നകം). എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കൈമാറിയിട്ടുള്ള ആശുപത്രികളിൽ (അലോപ്പതി, ഹോമിയോ, ആയുർവ്വേദം) മാനേജിംഗ് കമ്മിറ്റികൾ വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനക്കായി സമർപ്പിച്ചിട്ടില്ല. പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 182(Xv) പ്രകാരം പഞ്ചായത്തിന്റെ നിയന്ത്രണത്തിനു കീഴിലുള്ള സ്ഥാപനങ്ങളുടെ അക്കൗണ്ടുകൾ പരിശോധിക്കുകയോ, പരിശോധിപ്പിക്കുകയോ ചെയ്യേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. മേൽ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. എച്ച്.എം.സി. വാർഷിക കണക്കുകൾ ഓഡിറ്റ് പരിശോധനക്കായി സമർപ്പിക്കുവാനാവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്.

## 1-27 പെൻഷൻ അംശദാനം ഒടുക്ക് സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിൽ തൻവർഷം പെൻഷൻ അംശദാനം ഇനത്തിൽ ₹1865031 /ഒടുക്കുവാൻ ബാക്കിയുള്ളതായി വാർഷികകണക്ക് ഷെഡ്യൂൾ ബി 9 ൽ ചേർത്തിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലർ നമ്പർ എഫ്.326572/03 തി17-11-2003 ൽ പെൻഷൻ അംശദാനം ഒടുക്കുന്നതിലും രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും വീഴ്ച വരുത്തുന്നതു മൂലം ഉണ്ടാകുന്ന നഷ്ടം ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. പെൻഷൻ അംശദാനം ഇനത്തിൽ കുടിശിക വന്ന തുക ഒടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## 2-1 ഡി&ഒ ലൈസൻസ് ഫീസ് കുറവായി ഈടാക്കി

31-10-2017 ലെ ഫാക്ടിയോസ് ജി.ഒ.പി. നമ്പർ 80/2017 എൽ.എസ്.ജി.ഡി. പ്രകാരം ഒരു കോടി മുതൽ അഞ്ച് കോടി വരെയുള്ള സംരംഭങ്ങൾക്ക് ₹5000/- ലൈസൻസ് ഫീസിനത്തിൽ ഈടാക്കാവുന്നതാണ്. കൂടാതെ താമസിച്ച് ലൈസൻസ് പുതുക്കുന്നതിനായി സമർപ്പിക്കുന്ന അപേക്ഷകൾക്ക് യന്ത്രശക്തിക്ക് അനുസൃതമായി 100 മുതൽ 200 HP വരെ ₹2000/- വും പിന്നീടുള്ള ഓരോ അധികം HP യ്ക്കും ₹10/- വീതവും ഈടാക്കേണ്ടതാണ്. എന്നാൽ ബെറ്റി ബൈജു, പുളിയന്മാക്കൽ, അറക്കുളം പി.ഓ. എന്നയാൾ 16-03-2019 ൽ അപേക്ഷയോടൊപ്പം സമർപ്പിച്ച പൊല്യൂഷൻ കൺട്രോൾ ബോർഡ് സർട്ടിഫിക്കറ്റ് (ഫയൽ നം. Pcb/Idk/Ct0/2016 / 21-08-2018 ) പ്രകാരം ക്യാപിറ്റൽ നിക്ഷേപം 4 കോടിയും പവർ 831 HP യും ആണ്. ക്രഷർ യൂണിറ്റ് ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷയ്ക്ക് ₹2000/- (രസീത് നമ്പർ 118030102432/30-03-2019) മാത്രമാണ് ഫീസിനത്തിൽ ഈടാക്കിയിട്ടുള്ളത്. താമസിച്ച് സമർപ്പിച്ച അപേക്ഷയിൽ പിഴപ്പലിശ ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ.

| ഇനം | ഈടാക്കിയ തുക | ഈടാക്കേണ്ടത് | ഈടാക്കാനവശേഷിക്കുന്നത് |
|---|---|---|---|
| ലൈസൻസ് ഫീസ് | 2000 | 5000 | 3000 |
| ലേറ്റ് ഫീസ്(831 HP) 25% | - | (2000 +6310= 8310) *25%=2077.5 | 2078 |
| ആകെ | | | 5078/- |

കുറവായി ഈടാക്കിയ തുക ഉത്തരവാദിയിൽ നിന്ന് ഈടാക്കി തനത് ഫണ്ടിലേയ്ക്ക്

അടവാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-2020 | ഓഡിറ്റിനോടൊപ്പം പരിശോധിച്ച | |

### 4-2 സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് ഇടുക്കി | 2019 -2020 | 0 | 29808 | ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി (ജനറൽ) | 5927 | 23881 |
| ബ്ലോക്ക് പഞ്ചായത്ത് ഇടുക്കി | 2019 -2020 | | 1461000 | ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി (ജനറൽ) | 1494000 | |
| ബ്ലോക്ക് പഞ്ചായത്ത് ഇടുക്കി | 2019-2020 | 0 | 50000 | പാലിയേറ്റിവ് കെയർ | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ഇടുക്കി | 2019-2020 | | 100000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് പഠന സ്കോളർഷിപ്പ് | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ഇടുക്കി | 2019-2020 | | 2065 | ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി (ജനറൽ) | 2065 | |
| ബ്ലോക്ക് പഞ്ചായത്ത് ഇടുക്കി | 2019-2020 | | 236591 | ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി (ജനറൽ) | 236591 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

– ഇല്ല –

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ജവഹർ ഭവന പദ്ധതി | 357647/ഡി.വി/ ത.സ്വ.ഭ.വ 1/15/14.01.2016 | 5200000 | 3570414 | 500000 | 330000 | 3070414 |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ തുക | ജി.ഒ(എം.എസ്)ത.സ്വ.ഭ.വ 111/2018 13.08.2018 | 2192000 | 2192000 | 1364706 | 0 | 20555294 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 126373/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1999-2000 | 25 | 13720 | ശ്രീ.റ്റി.കെ.ഹരിലാൽ, സെക്രട്ടറി | 119030400002/26.07.2019 |
| 1999-2000 | 27 | 2000 | ശ്രീ.റ്റി.കെ.ഹരിലാൽ, സെക്രട്ടറി | 119030400002/26.07.2019 |
| 1999-2000 | 28 | 4985 | ശ്രീ.റ്റി.കെ.ഹരിലാൽ, | 119030400002/26.07.2019 |

| | | | | |
|---|---|---|---|---|
| | | | സെക്രട്ടറി | |
| 1999-2000 | 29 | 3000 | ശ്രീ.റ്റി.കെ.ഹരിലാൽ, സെക്രട്ടറി | 119030400002/26.07.2019 |
| 1999-2000 | 29 | 8540 | ശ്രീ.റ്റി.കെ.ഹരിലാൽ, സെക്രട്ടറി | 119030400002/26.07.2019 |
| 1999-2000 | 31 | 5000 | ശ്രീ.റ്റി.കെ.ഹരിലാൽ, സെക്രട്ടറി | 119030400002/26.07.2019 |
| 1999-2000 | 36 | 8366 | ശ്രീ.റ്റി.കെ.ഹരിലാൽ, സെക്രട്ടറി | 119030400002/26.07.2019 |
| 1999-2000 | 38 | 11800 | ശ്രീ.റ്റി.കെ.ഹരിലാൽ, സെക്രട്ടറി | 119030400002/26.07.2019 |
| 2000-2001 | 31 | 68962 | ശ്രീ.റ്റി.കെ.ഹരിലാൽ, സെക്രട്ടറി | 119030400002/26.07.2019 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1 | 1999-2000 | 2002-03 | VII-6-4 | തൊഴിലില്ലായ്മ വേതനം പിൻവലിച്ചത് - ₹11,800/- | തുടരുന്നു |
| 2 | 2000-01 | 2003-04 | 31 | ഹാൾ നിർമ്മാണത്തിന് അധിക തുക നൽകി | തുടരുന്നു |
| 3 | 2000-01 | 2003-04 | 3-7 | വാട്ടർ അതോറിറ്റി-നിക്ഷേപ പ്രോജക്ട് പൂർത്തീകരിച്ചില്ല | |
| 4 | പ്രത്യേക റിപ്പോർട്ട് | 2012-13 | 2-8 | ലഘു അവലോകനം-തുടർസാക്ഷരത | തുടരുന്നു. |
| 5 | പ്രത്യേക റിപ്പോർട്ട് | 2012-13 | 2-4 | ലഘു അവലോകനം-ഫ്രണ്ട് ഓഫീസ് സംവിധാനം | തുടരുന്നു |
| 6 | 2014-15 | 2015-16 | 2-1 | വസ്തുനികുതി അപാകതകൾ | തുടരുന്നു |

## 4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

(എ) <u>ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക</u>

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ / തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ ₹ | | ആകെ ലഭ്യമായ തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക ₹ | | | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | 139) |
| 1 | 1997-98 | 21(1) | ശ്രീ. എ. സൈനലബ്ദീൻ, സെക്രട്ടറി | എൽ.എഫ്. 6421/ എസ്.സി. 2/01 തീ.23.7.2001 | 383 | | | | | | 383 | |

(ബി) <u>സർചാർജ് വഴി ഈടാക്കിയ തുക</u>

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നം/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | ഉൾപ്പെട്ട തുക ₹ |
|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | |
| 1 | 1997-98 | 22 | ശ്രീ. എ. സൈനലബ്ദീൻ, സെക്രട്ടറി | എൽ.എഫ്.6421/ എസ്.സി.2/01 തീ.23.07.2001 | 50 | | 50 | |
| 2 | 1997-98 | 23(1) | ശ്രീമതി. ജാനമ്മ ശിവരാമൻ സെക്രട്ടറി | എൽ.എഫ്.6421/ എസ്.സി.2/01 തീ.23.07.2001 | 105 | | 105 | |
| 3 | 1997-98 | 23(2) | ശ്രീ. എ. സൈനലബ്ദീൻ, സെക്രട്ടറി | എൽ.എഫ്.6421/ എസ്.സി.2/01 തീ.23.07.2001 | 216 | | 216 | |
| 4 | 1997-98 | 24 | ശ്രീ. എ. സൈനലബ്ദീൻ, സെക്രട്ടറി | എൽ.എഫ്.421/ എസ്.സി.2/01 തീ.23.07.2001 | 100 | | 100 | |
| 5 | 1997-98 | 27 | ശ്രീ. എ. സൈനലബ്ദീൻ, സെക്രട്ടറി | എൽ.എഫ്.6421/ എസ്.സി.2/01 തീ.23.07.2001 | 798 | | 798 | |
| 6 | 1997-98 | 28 | ശ്രീ. എ. സൈനലബ്ദീൻ, സെക്രട്ടറി | എൽ.എഫ്.6421/ എസ്.സി.2/01 തീ.23.07.2001 | 40 | | 40 | |
| 7 | 1999-00 | 25 | ശ്രീ. റ്റി കെ. ഹരിലാൽ, സെക്രട്ടറി | എൽ.എഫ്.8500/ എസ്.സി.2/03 തീ.10.7.2003 | 13720 | 119030400002/ 26.07.2019 | 13720 | |
| 8 | 1999-00 | 27 | ശ്രീ. റ്റി കെ. ഹരിലാൽ, സെക്രട്ടറി | എൽ.എഫ്.8500/ എസ്.സി.2/03 തീ.10.7.2003 | 2000 | 119030400002/ 26.07.2019 | 2000 | |
| 9 | 1999-00 | 28 | ശ്രീ. റ്റി.കെ. ഹരിലാൽ, | എൽ.എഫ്.8500/ എസ്.സി.2/03 | 4985 | 119030400002/ | 4985 | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | സെക്രട്ടറി | തീ.10.7.2003 | | 26.07.2019 | |
| 10 | 1999-00 | 29(എ) | ശ്രീ. റ്റി. കെ. ഹരിലാൽ, സെക്രട്ടറി | എൽ.എഫ്.8500/ എസ്.സി.2/03 തീ.10.7.2003 | 3000 | 119030400002/ 26.07.2019 | 3000 |
| 11 | 1999-00 | 29(ബി) | ശ്രീ. റ്റി. കെ. ഹരിലാൽ, സെക്രട്ടറി | എൽ.എഫ്.8500/ എസ്.സി.2/03 തീ.10.7.2003 | 8540 | 119030400002/ 26.07.2019 | 8540 |
| 12 | 1999-00 | 31 | ശ്രീ. റ്റി. കെ. ഹരിലാൽ, സെക്രട്ടറി | എൽ.എഫ്.8500/ എസ്.സി.2/03 തീ.10.7.2003 | 5000 | 119030400002/ 26.07.2019 | 5000 |
| 13 | 1999-00 | 36 | ശ്രീ. റ്റി. കെ. ഹരിലാൽ, സെക്രട്ടറി | എൽ.എഫ്.8500/ എസ്.സി.2/03 തീ.10.7.2003 | 8366 | 119030400002/ 26.07.2019 | 8366 |
| 14 | 1999-00 | 38 | ശ്രീ. റ്റി. കെ. ഹരിലാൽ, സെക്രട്ടറി | എൽ.എഫ്.8500/ എസ്.സി.2/03 തീ.10.7.2003 | 11800 | 119030400002/ 26.07.2019 | 11800 |
| 15 | 2000-01 | 31 | ശ്രീ. റ്റി. കെ. ഹരിലാൽ, സെക്രട്ടറി | എൽ.എഫ്.9479/05 തീ.04.04.2006 | 68962 | 119030400002/ 26.07.2019 | 68962 |
| 16 | 2000-01 | 32 | ജി. ഗോപാലകൃഷണൻ നായർ, സെക്രട്ടറി | എൽ.എഫ്.9479/05 തീ.26.08.2006 | 17431 | | 17431 |
| 17 | 2004-05 | 3-6(ഭാഗികം) 3-7(ഭാഗികം) | റ്റി ഐ കൃഷ്ണൻ, എ. ഇ | എൽ.എഫ്.20493/ സ്പെ.സെൽ എസ്.സി.2/2007 തീ.10.12.2009 | 7600 | | 7600 |
| 18 | 2004-05 | 3-6(ഭാഗികം) 3-7(ഭാഗികം) | എൽസി തോമസ്, എ.ഇ | എൽ.എഫ്.20498/ സ്പെ.സെൽ. എസ്.സി.2/2007 തീ.2.11.2009 | 5684 | | 5684 |
| 19 | 2002-03 | 2-3 | ജി. ഗോപാലകൃഷണൻ നായർ, സെക്രട്ടറി | എൽ.എഫ്.22205/ സ്പെ.സെൽ. എസ്.സി.2/2005 തീ.10.10.2006 | 7575 | | 7575 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 60681393 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 61695516 |
| വരവിനങ്ങളിലുള്ള നഷ്ടം | : 5078 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 101160 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 5078 | - | ശ്രീ.സജി തോമസ് റിട്ട.സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 59160 | ശ്രീമതി. കലാദേവി.കെ. ഹെഡ്മിസ്ട്രസ് |
| 1-19 | 42000 | ഡോ. ആൽബർട്ട്. ജെ. മെഡിക്കൽ ഓഫീസർ , പി.എച്ച്.സി. |

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ,മറ്റ് സഥപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സജി തോമസ്, സെക്രട്ടറി, | അടുത്തൂൺ പറ്റി | ചെമ്മംപ്ലാക്കൽ കാഞ്ഞാർ പി.ഒ ഇടുക്കി ജില്ല |
| ശ്രീമതി. കലാദോവി. കെ. ഹെഡ്മിസ്ട്രസ് | ഗവ. യു.പി. സ്കൂൾ, മുതിയാമല | കല്ലുംമാക്കൽ, കോളപ്ര, കുടയത്തൂർ പി.ഒ. ഇടുക്കി |
| ഡോ. ആൽബർട്ട്. ജെ. മെഡിക്കൽ ഓഫീസർ , പി.എച്ച്.സി. | മെഡിക്കൽ ഓഫീസർ, കുടയത്തൂർ | തോട്ടുപാട്ട്, വെങ്ങല്ലൂർ പി.ഒ. ഇടുക്കി ജില്ല |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

താഴെ കൊടുത്തിരിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാതെ അവശേഷിക്കുകയാണ്. തടസ്സങ്ങൾ പരിഹരിക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം | അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1995-1996 | എൽ.എഫ്.ഐ.6/ | 22 | 3,4,5,6,7,8.9,10,11,12,13,14,15, |

| | | | |
|---|---|---|---|
| | 247/98/5.10.98 | | 16,17,18,19,20,21,22,23,24 |
| 1996-1997 | എൽ.എഫ്.ഐ.7/ 529/99/3.03.2000 | 8 | 28,30,32,34,35,36,37,38 |
| 1997-1998 | എൽ.എഫ്.ഐ. 7/ 71/2001/30.01.2001 | 14 | 12,13,14,21(1),21(2),22,23(1), 23(2),24,25,26,27,28,30(1) |
| 1998-1999 | എൽ.എഫ്.ഐ. 7/ 215/2000/1.8.2000 | 27 | 1,2,3,4,5,6,7,8,9,10,11,12,13,14,15,16, 17,18.19.20,21,22,23,24,25,26,27 |
| 1999-2000 | എൽ.എഫ്.ഐ.7/ 241/2003/29.03.03 | 23 | 9,13,14,19,20,21,22,23,24,25,26,27, 28,29,30,31,32,33,34,35,36,37,38 |
| 2000-2001 | എൽ.എഫ്.ഐ.7/ 734/02/22.04.2005 | 22 | 10,11,14,15,16,19,20,21,22,23,24, 25,26,27,28,29,30,31,32,33,34,35 |
| 2001-2002 | എൽ.എഫ്.ഐ.7/ 141/04/23.09.05 | 10 | 1,2,3,4,5,6,7,8,9,10 |
| 2002-2003 | എൽ.എഫ്.ഐ.7/ 348/2005/01.12.05 | 6 | 2-1,2-2,2-3,3-2,3-3,4-9 |
| 2003-2004 | എൽ.എഫ്.ഐ.8/ 113/08/26.04.08 | 9 | 2-1,2-3,2-4,3-1, 3-2,3-3,3-5,3-6,3-7 |
| 2004-2005 | എൽ.എഫ്.ഐ.8/ 524/2007/26.06.2008 | 13 | 2-1,2-2,2-3,2-4,2-5,3-1,3-5, 3-6,3-7,3-8,3-9,310,3-11 |
| 2005-2006 | എൽ.എഫ്.ഐ.8 80/2009/22.04.09 | 8 | 2-1,2-2,3-1,3-2, 3-3,3-4,3-5,3-6 |
| 2006-2007 | എൽ.എഫ്.ഐ.9 492/09/17.11.2009 | 12 | 2-1,2-2,2-3,2-4,3-1,3-2, 3-3,3-4,3-5,3-6,3-7,3-8 |
| 2007-2008 | എൽ.എഫ്.ഐ.10 398/12/22.06.12 | 18 | 2-1,2-2,2-3,2-4,3-1,3-2,3-3,3-4,3-5, 3-6,3-7,3-8,3-9,3-10,3-11,3-12,3-13,3-14 |
| 2008-2009 | എൽ.എഫ്.ഐ.10/ 748/12/2.07.12 | 12 | 2-1,2-2,2-3,2-4,2-5,3-1, 3-2,3-3,3-4,3-5,3-6,3-7 |
| 2009-2010 | എൽ.എഫ്.ഐ.10/ 1023/12/26.09.12 | 10 | 2-1,22,2-3,2-4,2-5,2-6,3-1, 3-2,3-3,3-4.3-5,3-6,3-7 |
| 2010-11& 2011-2012 | കെ.എസ്.എ.ഐഡി.കെ.10/ 1106/13/06.06.14 | 11 | 2-1,2-2,2-3,2-4,3-1, 3-2,3-3,3-4,3-5,3-6,3-7 |
| 2012-2013& 2013-2014 | കെ.എസ്.എ.ഐ.ഡി.കെ.10/ 653/15/05.10.15 | 13 | 2-1,2-2,2-3,3-1,3-2,3-3,3-4, 3-5,3-6,3-7,3-8,3-9,3-10,3-11 |
| 2014-2015 | കെ.എസ്.എ.ഐ.ഡി.കെ.10/ 461/18/25.04.18 | 15 | 2-1,2-2,2-3,3-3,3-4,3-5,3-6,3-7, 3-8,3-9,3-10,3-11,3-12,3-13,3-14 |
| 2015-16 | കെ.എസ്.എ-ഐ.ഡി.കെ-10/ 408/17/17.04.18 | 6 | 2-1,3-1,3-2,3-3,3-4,3-5 |
| 2016-17 | കെ.എസ്.എ-ഐ.ഡി.കെ-10/ 990/17/28.09.17 | 20 | 2-1,2-2,2-3,2-4,2-5,2-6,2-7,2-8,3-1, 3-2,3-3,3-4,3-5,3-6,3-7,3-8,3-9,3-10, 3-11,3-12. |
| 2017-2018 | കെ.എസ്.എ-ഐ.ഡി.കെ-10/1334/ 2018/20.12.18 | 12 | 2-1,2-2, 3-1 മുതൽ 3-10 വരെ |
| 2018-2019 | കെ.എസ്.എ- ഐ.ഡി.കെ-6/590/2019/04.09.2021 | 10 | 2-2,2-3,3-1,3-2,3-4,3-5,3-6,3-7,3-8,3-10 |

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ കുടയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ കുടയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്